
# യേശു ദരിദ്രപക്ഷത്താണ്

ഫാ. അലോഷ്യസ് ഡി. ഫെർണാൻഡസ്



## അവലോകനം

ഡോ. ലാസർ തേർമഠം

**YESU DARIDRA PAKSHATHANU**
**FR. ALOYSIUS D. FERNANDEZ**
(malayalam)
a study
dr. lazar thermadom
published by: mathethara suvisesha padana kendram
gilager books, thampakachuvadu, alappuzha
type setting: jcic, alp - 14
layout: o.p. presannakumar
cover design: g. sebastian
printed at: nambothil offset printers, mavelikara
price: rs 10/-

# യേശു ദരിദ്രപക്ഷത്താണ്

## ഫാ. അലോഷ്യസ് ഡി ഫെർണാന്റസ്

**ഒരവലോകനം - ഡോ. ലാസർ തേർമഠം**

കത്തോലിക്കാ സഭയിലെ ഒരു മെത്രാൻ, തന്റെ കീഴിലുള്ള ഒരു പുരോഹിതന് സഭയ്ക്കുള്ളിൽ എങ്ങനെ കീഴ്പ്പെട്ടിരിക്കണമെന്ന് കാണിച്ചെഴുതിയ ഒരു കത്തും, ആ കത്തിന് മറുപടിയായി പുരോഹിതൻ മെത്രാനെഴുതിയ വിശദീകരണവുമാണ് ഈ ലഘുപുസ്തകത്തിന്റെ ഉള്ളടക്കം.

മെത്രാൻ സഭയെയും ദൈവത്തെയും മുൻനിർത്തി പുരോഹിതനെ ബോധവാനാക്കാൻ ശ്രമിക്കുമ്പോൾ, യേശുവിന്റെ പഠനങ്ങളെക്കുറിച്ച് മെത്രാനെ ബോധവാനാക്കാനാണ് പുരോഹിതൻ മുതിരുന്നത്. ആരാണ് ശരിയുടെ ഭാഗത്തെന്ന് സഭാംഗങ്ങൾക്ക് തീരുമാനിക്കാം. സഭാംഗങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ശരിയുടെ പക്ഷം തിരിച്ചറിയാനുള്ള വകുപ്പുകൾ ഈ എഴുത്തുകളിലുണ്ട്. ഇവ കൊണ്ടുള്ള പ്രയോജനവും അതാണ്.

ഈ കത്തുകളുടെ പകർപ്പുകൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വിമോചന വിശ്വാസ പ്രസ്ഥാനങ്ങളുടെ ചരിത്ര(1970-2003)മായി ഡോ. ജോർജ് കെ. അലക്സ് രചിച്ച് ആലപ്പുഴ പറവൂർ ജനജാഗൃതി ഭവൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജനകീയ സംഘ ഏകോപനസമിതി പുറത്തിറക്കിയ **'വിശ്വാസവും പോരാട്ടവും'** എന്ന 146 പേജുള്ള പുസ്തകത്തിലാണ്. ഇംഗ്ലീഷിൽ എഴുതിയ കത്തുകളും അവയുടെ ഏകദേശ മലയാള വിവർത്തനവുമാണ് ഈ പുസ്തകത്തിൽ മുഖ്യവിഷയമാക്കുന്നത്.

കൊല്ലം മെത്രാൻ മോൺ: ജോസഫ് ജി. ഫെർണാന്റസ് ഫാ. അലോഷ്യസ് ഡി. ഫെർണാന്റസിന് പത്തനംതിട്ടയിലേയ്ക്കയച്ച കത്തിന്റെ ശരിപ്പകർപ്പ് (വിശ്വാസവും പോരാട്ടവും പേജ് 130) ചുവടെ ചേർക്കുന്നു.

✠
J. M. J.

Monsignor Joseph G. Fernandez
Bishop of Quilon.

Phone 3550
Bishop's House,
Quilon, Kerala, India.
Pin: 691007

No. 787/82. 14 - 10 - 1982.

To

Rev.Fr. Aloysius D. Fernandez,
Pathanamthitta.

Dear Rev. Fr. Aloysius,

Since some years - 2 or 3 - you were conducting some seminars for the youth of the northern area of our diocese. Some of the Rev.Fathers of that area were apprehensive about these seminars. But I had no evidence as to whether there was anything unorthodox. Hence I did not interfere.

It is now reliably learned that the seminar is going the leftist way. I regret to have to say that this is wrong and hence not to be fostered. Last May Your Reverence with some others made a public appeal in the news paper asking the public to vote for the Marxist led Leftist Front. It was unfortunate. I thought your part in it was unitentional and may be casual. But now it seems you are moving further in that line. The last seminar you conducted during the Pooja holidays in our Mavelikara English Medium School is reported to have been guided by the Dynamic Action Group of Thiruvalla, which is definitely marxist in views.

Dear Fr. Aloysius, please give up all your appreciation for this group and stop all your connections with it. I exhort you in the name of God to stop these seminars. Please do not lead our youth to the marxist area. You do know that marxism is atheistic and is condemned by the Church. Let us be faithful ministers of the Church and of God, faithful to the teachings of the Church and of God. I know you wish to be active. But be active for God - not against God, for the Church - not against the Churdh.

I am asking the Sisters not to allow the school for these seminars. Please take to prayer and open your heart to the Holy Spirit without preconceived ideas so that He may guide you. I pray for you.

With cordial blessing,

Yours fraternally in Jesus,

+ J. G. Fernandez
BISHOP OF QUILON.

cc: To all the Rev.Fathers,
Northern area.

## കത്തിന് മലയാളത്തിലുള്ള ഏകദേശ പരിഭാഷ

മോൺ: ജോസഫ് ജി. ഫെർണാന്റസ് ഫോൺ 3550
കൊല്ലം ബിഷപ്പ് കൊല്ലം, കേരള, ഇന്ത്യ
നം: 787/82 പിൻ 691 007
14. 10. 1982

To,

റവ. ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ്
പത്തനംതിട്ട

പ്രിയ ബഹുമാനപ്പെട്ട ഫാദർ അലോഷ്യസ്,

കുറെ വർഷങ്ങളായി - രണ്ടോ മൂന്നോ - താങ്കൾ നമ്മുടെ രൂപതയുടെ വടക്കുഭാഗത്തുള്ള ഇടവകകളിലെ യുവജനങ്ങൾക്കായി സെമിനാറുകൾ നടത്തിക്കൊണ്ടിരിക്കയാണല്ലോ. അവിടങ്ങളിലുള്ള ഏതാനും ബഹു. വൈദികർ ഈ സെമിനാറുകളെക്കുറിച്ചു അറിവു തരികയും ചെയ്തിട്ടുണ്ട്. എന്നാൽ സഭാമൂല്യങ്ങൾക്ക് എതിരായി എന്തെങ്കിലും ഇതിൽ ഉണ്ടെന്നുള്ളതിന് യാതൊരു തെളിവും എനിക്ക് ലഭിച്ചിരുന്നില്ല. അതുകൊണ്ട് ഞാനിടപെട്ടതുമില്ല.

ഇപ്പോൾ സംശയത്തിനിട നൽകാത്ത രീതിയിൽ അറിയാൻ കഴിയുന്നത് ഈ സെമിനാറുകൾ ഇടതുമാർഗ്ഗത്തിലൂടെയാണ് സഞ്ചരിക്കുന്നത് എന്നാണ്. ഇത് തെറ്റാണ്. അതുകൊണ്ട് ഇതു വളരാൻ അനുവദിച്ചുകൂടാ എന്ന് പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്. കഴിഞ്ഞ മേയിൽ താങ്കൾ മറ്റു ചിലരോടു കൂടി ഒരു പത്രവിജ്ഞാപനം വഴി പൊതുജനങ്ങളോട് അഭ്യർത്ഥിച്ചത് മാർക്സിസ്റ്റുകൾ നയിക്കുന്ന ഇടതുമുന്നണിക്കു വോട്ടു ചെയ്യാനാണ്. അതു നിർഭാഗ്യകരമായിപ്പോയി. ഇക്കാര്യത്തിൽ താങ്കൾക്കു പ്രത്യേകിച്ചൊരു താല്പര്യമില്ലായിരുന്നെന്നും യാദൃച്ഛികമായിട്ടാണതു സംഭവിച്ചതെന്നും ഞാൻ കരുതി. എന്നാൽ താങ്കൾ ഈ വഴിയിലൂടെ തുടർന്നും മുന്നോട്ടു തന്നെ സഞ്ചരിക്കുകയാണെന്നാണ് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നത്. പൂജാ ഒഴിവുദിവസങ്ങൾക്കിടയിൽ മാവേലിക്കരയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ താങ്കൾ സംഘടിപ്പിച്ച ഒടുവിലത്തെ സെമിനാർ മാർക്സിസ്റ്റ് വീക്ഷണത്തിൽ ഉറച്ചുനിൽക്കുന്ന തിരുവല്ലയിലെ ഡൈനാമിക് ആക്ഷൻ ഗ്രൂപ്പിന്റെ സഹായത്താലായിരുന്നു എന്നു റിപ്പോർട്ടുണ്ട്.

പ്രിയപ്പെട്ട അലോഷ്യസച്ചാ, ഈ ഗ്രൂപ്പിനോടുള്ള താങ്കളുടെ എല്ലാവിധ അഭിനിവേശവും ഉപേക്ഷിച്ച് അതുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിക്കൂ. ഈ സെമിനാറുകൾ നിർത്തിവെയ്ക്കണമെന്ന് ദൈവനാമത്തിൽ ഞാൻ താങ്കളെ ബോധിപ്പിക്കുകയാണ്. ദയവായി നമ്മുടെ യുവജനങ്ങളെ മാർക്സിസ്റ്റ് പാളയ

ത്തിലേക്ക് തള്ളിവിടരുത്. മാർക്സിസം നിരീശ്വരവാദത്തിലധിഷ്ഠിതമാണെന്നും, സഭ തള്ളിക്കളഞ്ഞതാണെന്നും താങ്കൾക്കറിയാവുന്നതാണ്. നമുക്ക് സഭയുടെയും ദൈവത്തിന്റെയും വിശ്വസ്തരായ ഭരണകർത്താക്കളാകാനും, സഭയുടെയും ദൈവത്തിന്റെയും പഠനങ്ങളോട് വിശ്വസ്തത പുലർത്താനും തയ്യാറെടുക്കാം. താങ്കൾ പ്രവർത്തനശേഷിയിൽ മികച്ചവനാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അപ്പോൾ ദൈവത്തെപ്രതിയുള്ള പ്രവർത്തനങ്ങൾക്ക് ശക്തിനല്കൂ, അത് ദൈവത്തിനെതിരായിരിക്കരുത്; സഭയ്ക്കു വേണ്ടിയാകണം, സഭയ്ക്കെതിരാകരുത്.

സെമിനാറുകൾ നടത്തുന്നതിലേയ്ക്ക് സ്കൂൾ അനുവദിക്കരുതെന്ന് മഠത്തിലുള്ള കന്യാസ്ത്രീകളോട് ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. ദയവായി പ്രാർത്ഥനയിലേയ്ക്ക് തിരിയൂ. മുൻ ധാരണയിൽ നിന്നെല്ലാം മോചിതനായി പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുവാനായി ഹൃദയത്തെ തുറന്നുകൊടുക്കൂ.

ഞാൻ താങ്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്.

ഹൃദയംഗമമായ അനുഗ്രഹങ്ങളോടെ,

യേശുവിൽ നിങ്ങളുടെ സഹോദരതുല്യൻ,

ഒപ്പ്

കൊല്ലം ബിഷപ്പ്

പകർപ്പ്: വടക്കൻ പ്രദേശങ്ങളിലെ ബഹു. എല്ലാ വൈദികർക്കും.

ഇംഗ്ലീഷിലുള്ള മെത്രാന്റെ കത്തിന് രണ്ട് വൈദികർ ചേർന്നു തയ്യാറാക്കിയ ഇംഗ്ലീഷിലുള്ള മറുപടിയാണ് അയച്ചുകൊടുത്തത്. അതിനു കാരണവും കത്തിൽ വിശദമാക്കിയിട്ടുണ്ട്.

*കൊല്ലം ബിഷപ്പിന്റെ കത്തിനു മറുപടിയായി ഫാ. അലോഷ്യസ് ഡി. ഫെർണാന്റസും ഫാ. ജോസ്. ജെ. കളീയ്ക്കലും ചേർന്നെഴുതി അയച്ച ഇംഗ്ലീഷ് കത്തിന്റെ പകർപ്പ്.*

Pathnamthitta

27. 10. 1982

From,

| | | |
|---|---|---|
| Fr. Aloysius D. Fernandez<br>Guardian Angel Church<br>Pathanamthitta 689 645<br>Quilon Dist. | & | Fr. Jose J. Kaleekal<br>Our Lady of Lourdes Church<br>Cheriyanad 689 511<br>Alappuzha Dist. |

Dear Bishop,

Received with thanks your letter dt. 14. 10. 1982 (ref. No. 786/82). Since the points you raise in the letter directly concern the two of us, we think it opportune that we both together respond to it.

Your letter has pointed out two major issues - one, unorthodoxy; the other, the public support of the leftist front. Regarding these, we would like to give you the following explanations.

**1. Unorthodoxy:** As Catholic priests, our primary commitment is to Jesus and to his teaching. Every other concern, we find as secondary. Hence, any talk about orthodoxy has to be tested against this commitment to Christ. All through the Bible, we see that God has taken sides with the oppressed (Micah 6:10-11; Is. 3:12-15; Amos 5:10-11). Jesus, the concrete and ultimate manifestation of God's love, through his life-style and proclamation has made this option, clear beyond any doubt (Lk. 16:19-32). He not only called the poor blessed but he himself was poor and lived with the poor. He was with the marginalized of his time and proclaimed that God is on their side. That is what we understand by his promise of the Kingdom to the poor.

On the other side, we find that he took a clear stance against the rich. The curses and woes he hurled at them explain his basic option (Mt. 23: 1-33; Lk. 11:37-53; 20: 45-47). From his disciples, he demanded similar option without counting the cost (Mt. 8:19-22; Lk. 9:57-62).

Having this picture of Jesus and his call in mind, we cannot but stand with the oppressed of our day if we want to be orthodox to his teaching and to his mission. We are aware that this option will bring us into conflict with persons and structures which keep the poor always in a state of oppression and exploitation. This is only natural because Jesus also had to face the very same fate. In fact, it was his own religious leaders who sided with the rich and the ruling class that ostracized him; rejected him and finally put him to death. Hence we are not surprised to see that some people find our option questionable. The option we expressed in our classes and dealings is motivated by a sincere and authentic desire to follow the footsteps of the Lord who identified with the marginalized & stood for their cause.

**2. Support of the Leftist Front:** Our radical option forces us to join hands with persons and movements that work for the liberation of the oppressed (Lk. 4:18-19; 9:49-50; Mk. 9:38-40). This does not mean that we blindly swallow any ideology or that we have sold ourselves to any political party. It is true that during the last election, we had publicly supported the

Left Front. Being neutral meant a culpable irresponsibility. There is not a position as neutral at all ( - in fact, you have sided with the Rightist Front-). We had to take a stance. In spite of the drawbacks and shortcomings of the Marxist led Left Front, we found that they basically stood for the oppressed; that they were against communalism and totalitarian tendencies. Their position, we believe, is more with the Gospel values. The fact that we gave support to the Left Front does not mean that we subscribe to the Marxian philosophy of dialectical materialism which is basically atheistic.

Here we would like to pose the question whether the Right Front is theistic; what one means by theism and atheism. In the Bible we find that the oppression of the poor is equivalent to the denial of God (Is. 1:3-17; Hos.cc. 2,3,4&6). On the other hand, defending the cause of the poor and giving justice to the oppressed is seen as acknowledging God (Jer. 22:16). In fact, it is impossible to be a believer and at the same time an oppressor (James 2:14-17). Jesus has categorically affirmed that one cannot be a believer and a capitalist at the same time; one has to choose between God and money (Mt. 6:24; Lk. 16:13). In the light of these and similar Bible passages, we believe that today to side with the Rightist Front, which basically stands for capitalist values, is equivalent to the denial of God.

Further, we would like to bring to your notice that the very Church that has condemned Marxism in the times past, has officially invited her children through the documents of Vatican II for a critical collaboration with the atheists. It is also noteworthy that the Church has acknowledged that her attitude in the past has contributed to the growth of atheism in the modern world (cfr. Gaudium et Spes: numbers 19,20&21). This being the official stand of the Church, we are surprised to see that you ask to give up all our appreciation for and stop all our connections with people and groups that struggle and suffer for the liberation of the oppressed of our country (Act. 4:16-19).

In conclusion, we thank you once again for the frankness you showed in expressing your apprehensions concerning our stand. We do sincerely hope that this explanation would sufficiently clarify our position and that you would wholeheartedly support and encourage our involvement for the cause of the oppressed and that you would give the necessary directives to the Rev. Sisters to open up the school for similar programmes.

Yours ever sincerely in Lord Jesus,

sd/- sd/-

Fr. Aloysius D. Fernandez & Fr. Jose J. Kaleekal

cc.

To all Rev. Fathers, Northern area, Quilon diocese.

To the Headmistress, Infant Jesus School, Mavelikara.

**മേൽ കൊടുത്ത കത്തിന്റെ ഏകദേശ മലയാളം പരിഭാഷ**

From, പത്തനംതിട്ട

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ് 27. 10. 1982

ഗാർഡിയൻ എയിഞ്ചൽ ചർച്ച്

പത്തനംതിട്ട - 689 645

കൊല്ലം ജില്ല

&

ഫാ. ജോസ്. ജെ. കളീക്കൽ

അവർ ലേഡി ഓഫ് ലൂർദ്ദ് ചർച്ച്

ചെറിയനാട് - 689 511

ആലപ്പുഴ ജില്ല

പ്രിയമുള്ള മെത്രാൻ അച്ചന്,

787/82 നമ്പറിൽ 14. 10. 1982 ൽ എഴുതിയ അങ്ങയുടെ കത്ത് നന്ദിയോടെ സ്വീകരിച്ചു. അങ്ങയുടെ കത്തിൽ ഉന്നയിച്ചിട്ടുള്ള സൂചനകൾ ഞങ്ങളെ രണ്ടു പേരെയും നേരിട്ടു ബാധിക്കുന്നതു കൊണ്ട് ഞങ്ങൾ ഒന്നിച്ചു പ്രതികരിക്കുന്നതാണ് ഉചിതമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

അങ്ങയുടെ കത്തിൽ സാരമായ രണ്ടു പ്രശ്നങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഒന്ന്, മാമൂൽ വിരുദ്ധത (unorthodoxy); രണ്ടാമത്തേത്, ഇടതുമുന്നണിക്കു നല്കിയ പരസ്യമായ പിൻതുണ. ഈ കാര്യങ്ങളെ സംബന്ധിച്ച് ഞങ്ങൾ താഴെപ്പറയുന്ന വിശദീകരണങ്ങളാണ് നല്കുവാൻ ആഗ്രഹിക്കുന്നത്.

**1. മാമൂൽ വിരുദ്ധത**

കത്തോലിക്കാ പുരോഹിതരെന്ന നിലയ്ക്ക് ഞങ്ങളുടെ പ്രാഥമിക ഉത്തരവാദിത്വം യേശുവിനോടും അദ്ദേഹത്തിന്റെ പഠനത്തോടുമാണ്. (അടിവര ഗ്രന്ഥകർത്താവിന്റേത്) മറ്റുള്ള കാര്യങ്ങൾക്കെല്ലാം ഞങ്ങളുടെ താല്പര്യം രണ്ടാം

സ്ഥാനത്താണ്. അതുകൊണ്ട് മാമൂൽ വിരുദ്ധതയെ സംബന്ധിച്ചുള്ള കുറ്റപ്പെടുത്തൽ യേശുവിനോടുള്ള പ്രതിബദ്ധതയ്ക്കെതിരെയാണെന്ന് വ്യവഹരിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. ബൈബിളിൽ ഉടനീളം ഞങ്ങൾ കാണുന്നത് ദൈവം അടിച്ചമർത്തപ്പെട്ടവരുടെ പക്ഷം ചേർന്നു നില്ക്കുന്നതായിട്ടാണ് (മിക്ക. 6: 10-11; ഏശയ്യ 3: 12-15; ആമോസ് 5: 10-11). ദൈവസ്നേഹത്തിന്റെ സുദൃഢവും അങ്ങേയറ്റത്തെ ദൃഷ്ടാന്തവുമായ യേശു അദ്ദേഹത്തിന്റെ ജീവിതശൈലിയിൽ കൂടിയും പ്രഖ്യാപനങ്ങൾ വഴിയും, ഈ കാഴ്ചപ്പാട് സംശയത്തിനതീതമായി തെളിയിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അവിടുന്ന് ദരിദ്രരെ അനുഗ്രഹിക്കപ്പെട്ടവരെന്നു വിശേഷിപ്പിച്ചെന്നു മാത്രമല്ല ദരിദ്രരോടു കൂടി ദരിദ്രനായി ജീവിക്കുകയാണുണ്ടായത്. അദ്ദേഹം അക്കാലത്ത് ദരിദ്രരോടൊത്തു നിന്നു പ്രസംഗിച്ചത് ദൈവം അവരുടെ ഭാഗത്താണ് എന്നാണ്. അതാണ് ദരിദ്രർക്കുവേണ്ടിയുള്ള തന്റെ ദൈവരാജ്യവാഗ്ദാനം വഴി ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്.

മറുഭാഗം ചിന്തിച്ചപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നത് യേശു സമ്പന്നർക്കെതിരെ വ്യക്തമായ ഒരു നിലപാടു സ്വീകരിച്ചു എന്നുള്ളതാണ്. പണക്കാർക്കെതിരെ അവിടുന്ന് തൊടുത്ത ശാപവാക്കുകളും പരിഹാസങ്ങളും ഈ നിലപാടാണ് വ്യക്തമാക്കുന്നത് (മാർക്ക് 23: 1-3; ലൂക്ക്. 11: 37-53; 20:45-47). അവിടുന്ന് തന്റെ ശിഷ്യന്മാരിൽ നിന്നും ആവശ്യപ്പെട്ടതും എന്തു വില കൊടുക്കേണ്ടിവന്നാലും, ഈ നിലപാടിൽ നിന്ന് വ്യതിചലിക്കാൻ പാടില്ല എന്നുമാണ്.

യേശുവിനെയും അവിടുത്തെ പഠനത്തെയുംകുറിച്ച് ഇങ്ങിനെയൊരു ചിത്രം മനസ്സിലുണ്ടാകുമ്പോൾ, അവിടുത്തെ പഠനങ്ങളിലും ദൗത്യത്തിലുമാണ് മാമൂൽ ദർശിക്കുന്നതെങ്കിൽ, ഞങ്ങൾക്ക് ഞങ്ങളുടെ കാലഘട്ടത്തിലെ പീഡിതരോടുകൂടിയല്ലാതെ ചേർന്നുനില്ക്കുവാൻ സാദ്ധ്യമല്ല. ഇങ്ങനെയൊരു പക്ഷംപിടിക്കൽ കൊണ്ട് ദരിദ്രരെ ചൂഷണം ചെയ്യുന്നവരിൽ നിന്നും അടിച്ചമർത്തുന്നവരിൽ നിന്നും അവരെ നിലനിർത്തുന്ന ഘടനയിൽ നിന്നും അക്രമങ്ങൾ ഉണ്ടാകുമെന്ന് ഞങ്ങൾക്കറിവുള്ളതാണ്. ഇതു സ്വാഭാവികമാണു താനും. കാരണം യേശുവിനു പോലും ഇത്തരത്തിലൊരു ദുർവിധിയാണ് നേരിടേണ്ടിവന്നത്. വാസ്തവത്തിൽ യഹൂദമതത്തിൽ തന്നെയുള്ള സമ്പന്നരും ഭരണവർഗ്ഗക്കാരും പാർശ്വവർത്തികളായ മത-പുരോഹിത വർഗ്ഗവുമാണ് യേശുവിനെ ഒറ്റപ്പെടുത്തിയതും വഴിയാധാരമാക്കിയതും, അവസാനം മരണത്തിലേക്ക് തള്ളിവിട്ടതും. അതുകൊണ്ട് ഞങ്ങളുടെ ദരിദ്രപക്ഷ നിലപാടിനെ ചോദ്യംചെയ്യാൻ ചിലർ മുന്നോട്ടു വന്നെങ്കിൽ അതിൽ ഞങ്ങൾക്ക് ആശ്ചര്യമില്ല. പാർശ്വവൽക്കരിക്കപ്പെട്ടവരുമായി താദാത്മ്യം പ്രാപിച്ച് അവരുടെ ആവശ്യങ്ങൾക്കു മുമ്പിൽ ഉറച്ചു നിന്ന് കർത്താവിന്റെ കാൽപ്പാടുകളെ പിൻതുടരണമെന്ന് ആത്മാർത്ഥവും ആധികാരികവുമായ ഉൾവിളിയാൽ പ്രചോദിതരായിട്ടാണ് ഞങ്ങൾ ക്ലാസ്സുകളിലും പ്രവൃത്തികളിലും ഞങ്ങളുടെ നിലപാട് പ്രകടിപ്പിച്ചിട്ടുള്ളത്.

**2. ഇടതുമുന്നണിക്ക് പിൻതുണ:**

സമൂലമായ മാറ്റത്തിനായുള്ള ഞങ്ങളുടെ ദരിദ്രപക്ഷ നിലപാട് ഞങ്ങളെ തള്ളിവിടുന്നത് അടിച്ചമർത്തപ്പെട്ടവരുടെ സ്വാതന്ത്ര്യത്തിനു വേണ്ടി യത്നിക്കുന്ന പ്രസ്ഥാനങ്ങളോടും ആളുകളോടും കൈകോർത്തുപിടിക്കുന്നതിനു വേണ്ടിയാണ് (ലൂക്ക് 4: 18-19; 9: 49,50; മാർക്. 9: 38-40). ഇതുകൊണ്ട് ഞങ്ങൾ ഏതെങ്കിലും രാഷ്ട്രീയപാർട്ടിക്ക് അടിയറവെയ്ക്കപ്പെട്ടുവെന്നോ, ഏതെങ്കിലും പ്രത്യയശാസ്ത്രങ്ങൾ കണ്ണുമടച്ച് വിഴുങ്ങിയെന്നോ അർത്ഥമാക്കരുത്. കഴിഞ്ഞ തിരഞ്ഞെടുപ്പെടുപ്പിൽ ഞങ്ങൾ ഇടതുമുന്നണിയെ പരസ്യമായി പിൻതുണച്ചിട്ടുണ്ടെന്നത് സത്യമാണ്. ഒരു ചേരിയിലുമില്ല എന്നുള്ളത് ക്ഷമിക്കാനാവാത്ത ഉത്തരവാദിത്വമില്ലായ്മയാണ്. അല്ലെങ്കിലും നിഷ്പക്ഷത എന്ന ഒരവസ്ഥ തന്നെ നിലനില്ക്കുന്നില്ല. (സത്യത്തിൽ അങ്ങ് വലതുമുന്നണിയോടു പക്ഷംപിടിച്ചല്ലേ നിന്നത്!) ഞങ്ങൾക്കും ഒരു പക്ഷം പിടിക്കേണ്ടിവന്നു. മാർക്സിസ്റ്റുപാർട്ടി നയിക്കുന്ന ഇടതുമുന്നണിക്ക് ദൗർബല്യങ്ങളും കുറവുകളും ഉണ്ടെങ്കിലും, അവരാണ് അടിസ്ഥാനപരമായി ദരിദ്രവർഗ്ഗങ്ങൾക്കൊപ്പം നില്ക്കുന്നതും വർഗ്ഗീയതയ്ക്കും ബൂർഷ്വാഭരണക്കാർക്കും എതിരായി പ്രവർത്തിക്കുന്നതും. അവരുടെ നിലപാട് സുവിശേഷമൂല്യങ്ങളോടടുത്തു നില്ക്കുന്നതായി ഞങ്ങൾ കണ്ടു. ഞങ്ങൾ ഇടതുമുന്നണിക്കുവേണ്ടി പ്രവർത്തിക്കുന്നു എന്നതുകൊണ്ട് ഞങ്ങൾ നിരീശ്വരവാദത്തിലും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിലുമൂന്നിയ മാർക്സിയൻ തത്വശാസ്ത്രം ഏറ്റുപിടിക്കുന്നു എന്നു അർത്ഥമില്ല.

ഇവിടെ ഈശ്വരവിശ്വാസവുമായി ബന്ധപ്പെട്ടതാണോ വലതുമുന്നണിയുടെ രാഷ്ട്രീയം എന്ന ചോദ്യം ഉയർത്തിപ്പിടിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈശ്വരവാദവും നിരീശ്വരവാദവും എന്നാൽ എന്തെല്ലാമാണ് നാം അർത്ഥമാക്കുന്നത്. ദരിദ്രപീഡനം ദൈവനിഷേധത്തിന് സമമായിട്ടാണ് ബൈബിളിൽ കാണുന്നത് (ഏശയ്യ 1: 3-17; ഹോസിയ അദ്ധ്യായങ്ങൾ 2,3,4&6). മറ്റൊരുവിധത്തിൽ പറഞ്ഞാൽ ദരിദ്രവിഭാഗങ്ങളുടെ അവശതകൾ പരിഹരിക്കുന്നതിനുവേണ്ടിയും അടിച്ചമർത്തപ്പെട്ടവരുടെ നീതിക്കുവേണ്ടിയും നിലകൊള്ളുക എന്നുള്ളത് ദൈവത്തെ അറിയുന്നതിന് സമമാണ് (ജെറമിയ 22:16). വാസ്തവത്തിൽ ഒരാൾക്ക് ഒരേസമയം ഈശ്വരവിശ്വാസിയും മർദ്ദകനുമാകുക അസാധ്യമാണ് (ജയിംസ് 2:14-17). അർത്ഥശങ്കയ്ക്കിടയില്ലാതെ യേശു തറപ്പിച്ചു പറഞ്ഞിട്ടുള്ളത് ഒരാൾക്ക് ഒരേസമയം വിശ്വാസിയും പണക്കാരനുമാകാൻ സാദ്ധ്യമല്ല എന്നാണ്. ഇവയിൽ ദൈവമോ, മാമോനോ എന്നുള്ളത് ഒരാളുടെ ബോധപൂർവ്വമായ തീർപ്പിന്റെ വിഷയമാണ്(മത്താ. 6:24; ലൂക്ക് 16:13). ഇതുപോലെയുള്ള ബൈബിൾ സന്ദേശങ്ങളുടെ വെളിച്ചത്തിൽ മുതലാളിത്തമൂല്യങ്ങൾക്കു വേണ്ടി അടിസ്ഥാനപരമായി നിലകൊള്ളുന്ന വലതുമുന്നണിയെ പിൻതാങ്ങുക എന്നുള്ളത് ദൈവത്തിനെ തള്ളിപ്പറയുന്നതിനു സമമായിട്ടാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

മാർക്സിസത്തെ ചവിട്ടിത്താഴ്ത്തിയ അതേ സഭ, രണ്ടാം വത്തിക്കാൻ സുന ഹദോസിന്റെ പ്രമാണരേഖകളുടെ അടിസ്ഥാനത്തിൽ, സഭയുടെ പ്രതിനിധി കളെ നിരീശ്വരവാദികളുമായി ഒരു വിമർശനാത്മക കൂട്ടുകെട്ടിനു വേണ്ടി ഔദ്യോ ഗികമായി ക്ഷണിച്ചിരിക്കുന്നു എന്ന വസ്തുതയാണ് ഇനിയും അങ്ങയുടെ ശ്രദ്ധ യിൽ കൊണ്ടുവരാനുള്ളത്. പരിഗണിക്കപ്പെടേണ്ടതായ മറ്റൊരു കാര്യം സഭ യുടെ പഴയകാല പ്രവർത്തനങ്ങളും മനോഭാവവും ആധുനികയുഗത്തിൽ നിരീ ശ്വരപ്രസ്ഥാനത്തെ ഊട്ടിവളർത്തിയെന്ന് സഭ തിരിച്ചറിഞ്ഞിരിക്കുന്നു എന്നു ള്ളതാണ് (സഭ ആധുനികയുഗത്തിൽ: നമ്പറുകൾ 19,20&21). സഭയുടെ ഔദ്യോ ഗികമായ നിലപാട് ഇതായിരിക്കെ, അടിച്ചമർത്തപ്പെട്ടവരുടെ സ്വാതന്ത്ര്യത്തി നുവേണ്ടി കഷ്ടപ്പെടുന്നവരും അദ്ധ്വാനിക്കുന്നവരുമായ ജനങ്ങളോടും സംഘ ങ്ങളോടും ഞങ്ങൾക്കുള്ള ആദരവും കൂട്ടുകെട്ടും ഉപേക്ഷിക്കണമെന്നുള്ള അങ്ങ യുടെ ആവശ്യത്തിൽ ഞങ്ങൾക്ക് ആശ്ചര്യമാണ് തോന്നുന്നത് (അപ്പോ. പ്ര. 4:16-19).

ഞങ്ങളുടെ നിലപാടു സംബന്ധിച്ച് അങ്ങയുടെ ധാരണ പ്രകടിപ്പിക്കുന്ന തിൽ അങ്ങു കാണിച്ച തുറന്ന മനഃസ്ഥിതിക്ക് ഒരിക്കൽകൂടി ഈ ഉപസംഹാര ത്തിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ വിശദീകരണം ഞങ്ങളുടെ നിലപാടിനെ ക്കുറിച്ച് ആവശ്യമായ അറിവും വ്യക്തതയും നല്കുന്നു എന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഒപ്പം, അടിച്ചമർത്തപ്പെട്ടവരുടെ പ്രശ്നപരി ഹാരത്തിലേയ്ക്കുള്ള ഞങ്ങളുടെ ഇഴുകിച്ചേരലിനെ അങ്ങ് പൂർണ്ണഹൃദയ ത്തോടെ പിൻതുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നും ഞങ്ങൾ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു. ഞങ്ങളുടെ കാര്യപരിപാടികളു മായി മുന്നോട്ടുപോകുവാൻ സ്കൂൾ തുറന്നുകൊടുക്കണമെന്ന് ബഹുമാനപ്പെട്ട കന്യാസ്ത്രീകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുമല്ലോ.

കർത്താവായ യേശുവിൽ പരിപൂർണ്ണ ആത്മാർത്ഥതയോടെ,

ഫാ. അലോഷ്യസ് ഡി. ഫെർണാന്റസ് (ഒപ്പ്)
ഫാ. ജോസ്. ജെ. കളീക്കൽ (ഒപ്പ്)

പകർപ്പ്

1. കൊല്ലം രൂപതയിലെ വടക്കൻ പ്രദേശങ്ങളിലുള്ള ആദരണീയരായ വൈദികർക്ക്
2. മാവേലിക്കര ഇൻഫന്റ് ജീസസ് സ്കൂളിന്റെ പ്രധാന അദ്ധ്യാപികയ്ക്ക്.

അലോഷ്യസ് അച്ചനും ജോസ് കളീക്കൽ അച്ചനും നല്കിയ വിശദീകരണങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് 12 വൈദികർ ചേർന്ന് പേരെഴുതി ഒപ്പിട്ട ഒരു കത്ത് കൊല്ലാം മെത്രാന് സമർപ്പിച്ചിട്ടുണ്ട്. ആ കത്തിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു.

Dear Bishop,

We came to know about you letter addressed to Fr. Aloysius D. Fernandez, asking him to stop the seminars for youth at Mavelikara. We would like to express our reactions to the same.

We regret to note that you did not call those involved and discuss the matter at length before levelling such serious allegations as mentioned in your letter; instead you took action depending totally on certain 'reliable sources'. Such a step will only be detrimental to the spirit of fraternal relationship between the bishop and his priests, the spirit of dialogue and co-operation and trust in your priests.

We understand that the seminars at Mavelikara were motivated by a desire to conscientise our people. The Alleppey Zonal meeting of QSSS had arrived at such decision at its meeting on 21, 1978 at Charummood.

The main thrust of the education programme at Mavelikara was Social Justice in its various Biblical viewpoints and the application of the Biblical message of Liberation in our present socio-political context. Analysis of society is a must in the pursuit of social justice and the Marxian analysis of society is accepted as valid tool for scientific social analysis. Therefore it is wrong to level charges of atheism, marxism and unorthodoxy, while in fact it is just the opposite: i.e., an effort 'to reveal the authentic face of God and religion' (Guadium et Spes, no. 19).

We also dissent your efforts to deny the diocesan schools to conduct programmes for the benefit of the Anawim.

We cannot be indifferent to the global struggle for a new Society, more so while the Church repeatedly reaffirms its commitment to the cause of the downtrodden. Our commitment too is to Christ and to his Good News to the Poor. We affirm our option to the cause of the poor. Hope you will appreciate our stand.

Yours in Christ,

1. Fr. Joseph Thomas sd/-
2. Fr. Jose K. Kaleekal sd/-
3. Fr. Vincent Maccado sd/-
4. Fr. Romance Antony sd/-
5. Fr. Antony John sd/-
6. Fr. Jose Puthenveedu sd/-
7. Fr. Walter Morris sd/-
8. Fr. Ferdinand Peter sd/-
9. Fr. Solomon A. sd/-
10. Fr. Jerome Augustine sd/-
11. Fr. Augustine Issac sd/-
12. Fr. Benedict Paul sd/-

മേൽ കൊടുത്ത കത്തിന്റെ ഏകദേശ മലയാള പരിഭാഷ.

പ്രിയമുള്ള മെത്രാനച്ചന്,

യുവജനങ്ങൾക്കായി മാവേലിക്കരയിൽ നടത്തുന്ന സെമിനാറുകൾ നിർത്തി വെക്കണമെന്നാവശ്യപ്പെട്ട് അലോഷ്യസ് ഡി. ഫെർണാന്റസ് അച്ചന് എഴുതിയ കത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് അറിയാൻ ഞങ്ങൾക്ക് ഇട വന്നിട്ടുണ്ട്. ഈ കത്തിന്മേലുള്ള ഞങ്ങളുടെ പ്രതികരണങ്ങൾ പ്രകടിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

അങ്ങയുടെ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതു പോലെയുള്ള ഗുരുതരമായ ആരോപണങ്ങൾ നിരത്തുന്നതിനു മുമ്പ് ആരോപണങ്ങൾക്ക് വിധേയരായ അച്ചന്മാരുമായി വിശദമായി നേരിൽ സംസാരിച്ചില്ല എന്നുള്ളതിൽ ഞങ്ങൾ ഖേദിക്കുന്നു. പകരം അങ്ങയുടെ ചില 'വിശ്വാസയോഗ്യമായ ഉറവിടങ്ങ'ളിൽ നിന്നുള്ള അറിവുകളെ മാത്രം ആശ്രയിച്ച് നടപടിയെടുക്കുകയാണുണ്ടായത്. ഇങ്ങനെയൊരു നടപടി മെത്രാനും വൈദികരും തമ്മിലുള്ള സാഹോദര്യബന്ധം, ചൈതന്യം, സഹകരണം, പരസ്പരവിശ്വാസം തുടങ്ങിയ മൂല്യങ്ങൾക്കു ഹാനികരമാവുകയേയുള്ളു.

നമ്മുടെ ജനങ്ങളെ ബോധവൽക്കരിക്കാനുള്ള ആഗ്രഹത്താൽ പ്രചോദിതമായിട്ടാണ് മാവേലിക്കരയിൽ സെമിനാറുകൾ നടത്തിയത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഈ സെമിനാറുകൾ 1978, 21 -ാം തീയതി ചാരുംമൂട്ടിൽ വെച്ച് നടത്തിയ കൊല്ലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആലപ്പുഴ

മേഖല സമ്മേളനത്തിൽ രൂപീകൃതമായ തീരുമാനമനുസരിച്ചായിരുന്നു.

മാവേലിക്കരയിൽ വെച്ചു നടത്തിയ വിദ്യാഭ്യാസ പരിപാടിയുടെ പ്രദാന ഊന്നൽ നിലവിലുള്ള നമ്മുടെ സാമൂഹ്യ-രാഷ്ട്രീയ പരിതസ്ഥിതിയിൽ മനുഷ്യമോചനത്തെ സംബന്ധിച്ചുള്ള ബൈബിൾ പ്രമേയത്തിന്റെയും ബൈബിളിലെ നിരവധി സന്ദേശങ്ങളുടെയും അടിസ്ഥാനത്തിലുള്ള സാമൂഹ്യനീതി ഉറപ്പാക്കലാണ്. സാമൂഹ്യനീതിക്കുവേണ്ടിയുള്ള പ്രയാണത്തിൽ സമൂഹത്തെ വിശകലനം ചെയ്തേ പറ്റൂ. അതിലേയ്ക്കു ശാസ്ത്രീയമായ മാർക്സിയൻ സാമൂഹ്യവിശകലന രീതി അംഗീകരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് നിരീശ്വരത്വം, മാർക്സിസം, മാമൂൽ വിരുദ്ധത എന്നീ ആരോപണങ്ങളുന്നയിച്ച് നടപടിയെടുക്കുന്നത് തെറ്റാണ്. നേരേ മറിച്ച് അത് സഭയുടെയും 'ദൈവത്തിന്റെയും സത്യമായ മുഖങ്ങൾ തുറന്നുകാണിക്കുന്ന ഒരു പരിപാടിയായി' കാണേണ്ടിയിരിക്കുന്നു (സഭ ആധുനികയുഗത്തിൽ നമ്പർ 19). ദരിദ്രജനതയുടെ ക്ഷേമത്തിനു വേണ്ടി കാര്യപരിപാടികൾ അരങ്ങേറിയിരുന്ന രൂപതാ സകൂളുകൾ വിട്ടുതരാത്ത അങ്ങയുടെ നടപടിയിൽ ഞങ്ങൾ വിയോജിപ്പിച്ച് പ്രകടിപ്പിക്കുന്നു.

അടിച്ചമർത്തപ്പെട്ടവരുടെ ഉന്നമനത്തിന് ഊന്നൽകൊടുക്കാൻ സഭ പ്രതിബദ്ധമാണെന്ന് ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഒരു പുതിയ സമൂഹത്തിനു വേണ്ടിയുള്ള സാർവ്വദേശീയ സമരത്തോടു നിസംഗത കാട്ടാൻ ഞങ്ങൾക്കാവില്ല. ഞങ്ങളുടെ പ്രതിബദ്ധത ക്രിസ്തുവിനോടും, ദരിദ്രർക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ സന്ദേശത്തോടുമാണ്. ഇത്തരുണത്തിൽ ദരിദ്രപക്ഷത്ത് ഞങ്ങൾ നിലകൊള്ളുന്നു എന്ന് ഉറപ്പിച്ചുപറയുന്നു. (അടിവര ഗ്രന്ഥകാരന്റേത്) ഞങ്ങളുടെ നിലപാട് അങ്ങ് അംഗീകരിച്ചു പ്രോത്സാഹിപ്പിക്കുമെന്ന് ആശിക്കുന്നു.

ക്രിസ്തുവിൽ അങ്ങയുടെ

1. ഫാ. ജോസഫ് തോമസ് (ഒപ്പ്)
2. ഫാ. ജോസ്. ജെ. കളീക്കൽ (ഒപ്പ്)
3. ഫാ. വിൻസന്റ് മച്ചാഡോ (ഒപ്പ്)
4. ഫാ. റൊമാൻസ് ആന്റണി (ഒപ്പ്)
5. ഫാ. ആന്റണി ജോൺ (ഒപ്പ്)
6. ഫാ. ജോസ് പുത്തൻവീട് (ഒപ്പ്)
7. ഫാ. വാൾട്ടർ മോറീസ് (ഒപ്പ്)
8. ഫാ. ഫെർഡിനന്റ് പീറ്റർ (ഒപ്പ്)
9. ഫാ. സോളമൻ എ. (ഒപ്പ്)
10. ഫാ. ജെറോം അഗസ്റ്റിൻ (ഒപ്പ്)
11. ഫാ. അഗസ്റ്റിൻ ഐസക് (ഒപ്പ്)
12. ഫാ. ബനഡിക്ട് പോൾ (ഒപ്പ്)

**ഇവർ ഇപ്പോൾ എവിടെ നിൽക്കുന്നു?**

എന്റെ പരിമിതമായ അന്വേഷണത്തിൽ

1. **ഫാ. ജോസഫ് തോമസ്:** ജനകീയസംഘങ്ങളി(Action Groups)ൽ നിന്ന് അകലുകയും സ്വത്ത് സംബന്ധിച്ച പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കുകയും സഭയുടെ ഔദ്യോഗിക തണലിൽ ജീവിച്ചുപോരുകയും ചെയ്യുന്നു.
2. **ഫാ. ജോസ് ജെ. കളീക്കൽ:** അലോഷ്യസച്ചനും ജോസ് ജെ. കളീക്കൽ അച്ചനും അവരുടെ നിലപാടു വ്യക്തമാക്കിക്കൊണ്ട് ഒന്നിച്ചെഴുതിയ കത്തിന്റെ സത്തയിൽ നിന്ന് 14. 05. 1993 ൽ പിന്മാറിയതായി ഞാൻ മനസ്സിലാക്കുന്നു. മാത്രമല്ല, യേശുവിന്റെ ദരിദ്രപക്ഷ ദർശനവുമായി ബന്ധപ്പെട്ട അലോഷ്യസച്ചന്റെ പ്രവർത്തനങ്ങളോട് ഫാ. ജോസ് ജെ. കളീക്കൽ ഇപ്പോൾ സഹകരിക്കുന്നുമില്ല.
3. **ഫാ. വിൻസന്റ് മച്ചാഡോ:** സഭയ്ക്കകത്തു നിന്നുകൊണ്ടുതന്നെ ജനപക്ഷ പ്രവർത്തനത്തിലിടപെട്ടു പ്രവർത്തിക്കുന്നു.
4. **ഫാ. റോമാൻസ് ആന്റണി:** 1982 ൽ വിമോചന ദൈവശാസ്ത്രത്തിന്റെ ജിഹ്വയായി ആരംഭിച്ച ഓറ മാസികയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു. ഇന്ന് കൊല്ലം രൂപതയുടെ പല ഉന്നതപദവികളിലും വിരാജിച്ചുകൊണ്ട് സഭയെ ശക്തിപ്പെടുത്തുന്നു.
5. **ഫാ. ആന്റണി ജോൺ:** ഒപ്പിട്ടെങ്കിലും അന്നും ഇന്നും സഭയോടൊത്ത് കഴിയുന്നു.
6. **ഫാ. ജോസ് പുത്തൻവീട്:** രൂപതയിൽ നിന്നു വിട്ടുമാറി സ്വതന്ത്രമായി കൗൺസിലിംഗ് സെന്റർ നടത്തുന്നു. ബൈബിളിനു മനഃശാസ്ത്രപരമായ ഭാഷ്യം നല്കുന്നു.
7. **ഫാ. വാൾട്ടർ മോറീസ്:** ഓറയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു. സഭയ്ക്കുള്ളിൽ നിന്നുകൊണ്ടു തന്നെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ ബന്ധപ്പെടുകയും ഒരു സ്വതന്ത്രജീവിതത്തിന് മുൻതൂക്കം കൊടുക്കുകയും ചെയ്യുന്നു.
8. **ഫാ. ഫെർഡിനന്റ് പീറ്റർ:** താൻ ഉൾപ്പെട്ട് എഴുതിയ കത്തിന്റെ അന്തസ്സത്ത മറന്നുകൊണ്ട് രൂപതയുടെ വികാർജനറലായും മറ്റു ഉന്നപദവികൾ വഹിച്ചും കഴിയുന്നു.
9. **ഫാ. എ. സോളമൻ:** 04. 07. 1995 ൽ മരിച്ചു. ഈ വേർപാട് അലോഷ്യസച്ചനും ജനകീയ പ്രസ്ഥാനങ്ങൾക്കും തീരാനഷ്ടമായി.
10. **ഫാ. ജെറോം അഗസ്റ്റിൻ:** അന്നും ഇന്നും സഭയ്ക്കുള്ളിൽ തന്നെ.

11. ഫാ. അഗസ്റ്റിൻ ഐസക്: ഓറയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ്. രൂപത ഉപേക്ഷിച്ചു സ്വന്തമായി ജോലി ചെയ്തു ജീവിക്കുന്നു.

12. **ഫാ. ബനഡിക്ട് പോൾ:** കത്തിൽ ഒപ്പിട്ടെങ്കിലും ഇന്ന് അമേരിക്കൻ ഐക്യനാടുകളിൽ സഭയുടെ ആളായി ജോലിചെയ്യുന്നു.

ഇവരിൽ സഭയിൽ ഇപ്പോഴും തുടരുന്ന പത്തു പേരും, അവർ ഏറ്റുപറഞ്ഞ യേശുപക്ഷം മറക്കുകയും ഔദ്യോഗികസഭയുടെ ഭാഗമായി, അലോഷ്യസച്ചന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടാതെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവരൊക്കെത്തന്നെ അധികാരത്തിന്റെയും സുരക്ഷിതത്വത്തിന്റെയും മേച്ചിൽസ്ഥലം സങ്കേതമാക്കി പ്രവർത്തിക്കുന്നതും ദരിദ്രപക്ഷത്തു നിന്ന യേശുവിൽ നിന്നു അകന്നുപോയതും സഭയുടെ നീരാളിപ്പിടുത്തത്തിന്റെ ശക്തികൊണ്ടാണെന്നു ഞാൻ മനസ്സിലാക്കുന്നു.

എന്നാൽ ഇതിലൊന്നും തളരാതെ സ്വന്തം രീതിയിലുള്ള സേവനപ്രവർത്തനങ്ങളുമായി ജനജാഗൃതി കേന്ദ്രമാക്കിക്കൊണ്ട് അലോഷ്യസ് അച്ചൻ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്.

അലോഷ്യസച്ചൻ 1987 മുതൽ രൂപതയിൽ നിന്നും അനുവദിച്ചു നല്കിയ അവധിയിൽ പ്രവേശിച്ചു. ഉപരിപഠനം കഴിഞ്ഞു അമേരിക്കയിൽ നിന്നും 1990 ൽ രൂപതയിൽ തിരികെയെത്തിയെങ്കിലും അവധിയിൽ തുടരുകയാണുണ്ടായത്. അമേരിക്കൻ പഠനകാലത്ത് കൊല്ലം ബിഷപ്പ് ജോസഫ് ജി. ഫെർണാന്റസിന് അയച്ച കത്തിൽ 'രൂപതയിൽ തിരിച്ചെത്തി മാദ്ധ്യമരംഗത്ത് പ്രവർത്തിക്കാനാണ് എനിക്ക് ആഗ്രഹം' എന്ന് അറിയിച്ചിരുന്നതുകൊണ്ടായിരിക്കണം അച്ചന് ഇടവകഭരണമൊന്നും മെത്രാൻ ഏല്പിക്കാതിരുന്നത്. അതുകൊണ്ട് ഇടവകഭരണമില്ലാത്ത ക്രിസ്തീയപുരോഹിതനായി അച്ചൻ ഇന്നും തുടരുന്നു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് സഭയിൽ നിന്ന് യാതൊരു വിലക്കുകളോ ശിക്ഷണനടപടികളോ ഉണ്ടായിട്ടുമില്ല. ആലപ്പുഴയിലെ പുന്നപ്ര പറവൂർ ഭാഗത്ത് ജനജാഗൃതി എന്ന പേരിൽ ഒരു സാംസ്കാരിക കേന്ദ്രം തുടങ്ങിക്കൊണ്ടാണ് അദ്ദേഹം തന്റെ ശേഷിക്കുന്ന ജീവിതം വിനിയോഗിക്കുന്നത്. ഓറ മാസിക ഇപ്പോൾ വിപുലമായ രീതിയിൽ മാസംതോറും പുറത്തിറങ്ങുന്നതുകൊണ്ട് അലോഷ്യസച്ചനെക്കുറിച്ച് കൂടുതലായി ഈ പുസ്തകത്തിൽ ഏഴുതേണ്ട കാര്യമില്ല.

ജാതിമതദൈവവിശ്വാസ രഹിതമായി വിശ്വമാനവികതയിലും പ്രാപഞ്ചികതയിലും ഊന്നി ജീവിക്കുന്നവരെ ഒന്നിച്ചുകൂട്ടി, 'വഴിമാറി ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്നവർ' എന്ന നിലയിലുള്ള ഒരു സാമൂഹിക കൂട്ടായ്മയ്ക്ക് കളമൊരുക്കിക്കൊണ്ടിരിക്കുകയാണ് അച്ചനിപ്പോൾ. സഹായത്തിനായി ജനജാഗൃതിയുടെ പ്രസിദ്ധീകരണമായ ഓറയും അതിന്റെ പ്രവർത്തകരും അച്ചനൊപ്പമുണ്ട്.

## അച്ചന്റെ പ്രസിദ്ധീകരിച്ച രചനകൾ



1. സഭയും സംസ്കാര സാത്മീകരണവും
2. സോളമനച്ചൻ ആത്മസമർപ്പണത്തിന്റെ പ്രതീകം
3. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
4. കറുത്ത കുർബ്ബാന – ഞാൻ നടന്ന വഴികൾ
5. നേർക്കാഴ്ചകൾ
6. വിഭജിക്കപ്പെട്ട സമൂഹം
7. ആത്മീയതയുടെ സൂപ്പർമാർക്കറ്റ്
8. മരണത്തിലൂടെ ജീവൻ
9. ഒരു ഫെമിനിസ്റ്റാകുക (പണിപ്പുരയിൽ)
10. ബൈബിൾ – കറുത്തനീതിയുടെ പാഠപുസ്തകം (പണിപ്പുരയിൽ)

**യേശുപക്ഷത്തിൽ അലോഷ്യസച്ചനുമായി ഒന്നിച്ചുനിന്ന പുരോഹിതരെല്ലാം പിന്മാറിയെങ്കിലും തന്റെ മുന്നോട്ടുള്ള പ്രയാണത്തിനിടയിൽ ദരിദ്രപക്ഷത്തുനിന്ന യേശുവിൽ നിന്ന് അച്ചൻ പിറകോട്ടു പോകരുതേ എന്നൊരപേക്ഷയേ മതേതര സുവിശേഷ പ്രചരണകേന്ദ്രം നടത്തുന്ന ഈ പുസ്തക രചയിതാവിനുള്ളു. അച്ചന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും ഈ കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കാവുന്നതാണ്.**

വേറിട്ടൊരു ശബ്ദം

ശബ്ദമില്ലാത്തവരുടെ ശബ്ദം

മനുഷ്യവിമോചന ശബ്ദം

# ഓറ മാസിക

പുന്നപ്ര നോർത്ത് പി. ഒ., ആലപ്പുഴ

പിൻ - 688 014 ഫോൺ - 0477-2287602

e-mail:editorora@sify.com

**വായിക്കുക ... വരിക്കാരാകുക ...**

ഒറ്റപ്രതി - 10 രൂപ

വാർഷിക വരിസംഖ്യ - 100 രൂപ

ആയുഷ്കാല വരിസംഖ്യ - 1500 രൂപ



## ഡോ. ലാസർ തേർമഠത്തിന്റെ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. | മതേതര സുവിശേഷം<br>(യേശുവിന്റെ ചരിത്രം യുക്ത്യധിഷ്ഠിതമായ വീക്ഷണത്തിൽ) | 90. 00 |
| 2. | യേശുവിന്റെ വഴിയെ<br>നെറ്റിയാടൻ ക്രിസ്ത്യാനികൾ | 20. 00 |
| 3. | എന്റെ സ്വാശ്രയ വിവാഹവും<br>കുടുംബജീവിതവും (ആത്മകഥ) | 40. 00 |
| 4. | മനുഷ്യബന്ധങ്ങൾ യുക്തിവാദ പഠനത്തിലൂടെ | 30. 00 |
| 5. | മനുഷ്യൻ ക്രിസ്ത്യാനിയായ ചരിത്രവും<br>മതേതര ക്രിസ്ത്യാനിയുടെ തിരിച്ചറിവും | 25. 00 |
| 6. | മുസ്ലീം ക്രിസ്ത്യൻ സംവാദം (പുസ്തക നിരൂപണം) | 10. 00 |
| 7. | യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ച്<br>(ഒരു നെറ്റിയാടൻ ക്രിസ്ത്യാനിയുടെ വിമർശനപഠനം) | 20. 00 |
| 8. | ദയാവധം (നാടകം) പ്രഭാത് ബുക്ക്സ് പ്രസിദ്ധീകരിച്ചത് | 25. 00 |
| 9. | യേശുവിന്റെ പുതിയ മുഖം<br>നെറ്റിയാടൻ നോവൽ ത്രയത്തിൽ | 10. 00 |
| 10. | യേശുവിൽ നിന്ന് നാരായണഗുരുവിലേയ്ക്ക് | 10. 00 |
| 11. | ഈഴവ ചരിത്രവും<br>വിളയാടിശ്ശേരി കുടുംബവും (Private circulation) | |
| 12. | മോൺ: സക്കറിയാസ് വാഴപ്പിള്ളി അച്ചൻ<br>എന്റെ ഓർമ്മകളിൽ | 11. 00 |
| 13. | ഇഞ്ചീലിലെ ഈസായും<br>ബൈബിളിലെ യേശുവും - ഒരു താരതമ്യ പഠനം | 10. 00 |


**മതേതര സുവിശേഷ പഠന കേന്ദ്രം**

**ജിലഗർ ബുക്സ്**

തമ്പകച്ചുവട്, ആര്യാട് നോർത്ത് പോസ്റ്റ്

ആലപ്പുഴ - 688 542 ഫോൺ: 93498 34622